**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **09-06-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri K. Radhakrishnan (പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം ബോർഡ് ഉദ്യോഗങ്ങളിൽ നിലവിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് എത്ര ശതമാനം സംവരണമാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ദേവസ്വം ബോർഡിനു കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടിക വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നടക്കുന്ന നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 10% വും പട്ടികവർഗ്ഗ വിഭാഗത്തിന് 2% വും സംവരണം നൽകി വരുന്നുണ്ട്. ദേവസ്വം ബോർഡുകൾക്ക് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. പട്ടിക വിഭാഗങ്ങൾക്ക് സംവരണം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | ദേവസ്വം ബോർഡിൽ ഹിന്ദു ജനസംഖ്യാനുപാതികമായി പട്ടികജാതിക്കാരുടെ സംവരണം 17 ശതമാനമായും പട്ടിക വർഗക്കാരുടെ സംവരണം 3 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | ദേവസ്വം ബോർഡിനു കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ആകെ ജീവനക്കാരുടെ എണ്ണവും പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗ ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ച് അറിയിക്കുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ